കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

2 (3993) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഊർജ്ജ വകുപ്പുവഴി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്നും അവയുടെ അടങ്കൽ തുകയും വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാർ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള ഇലക്ട്രിസിറ്റി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും വോൾട്ടേജ് ഇംപ്രൂവ്മെന്റ്, സിസ്റ്റം ഇംപ്രൂവ്മെന്റ് എന്നീ പദ്ധതികൾ വഴി 744.356 ലക്ഷം രൂപ ചിലവായിട്ടുണ്ട്. കൂടാതെ നോർമൽ വിഭാഗത്തിൽ സർവ്വീസ് കണക്ഷനുകൾ നൽകുന്നതിലേക്കായി 1.36 ലക്ഷം രൂപ ചിലവാക്കിയിട്ടുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പ്രവൃത്തി	അളവ്	ചെലവ് (ലക്ഷം രൂപ)
HT ലൈൻ	69.82 കി.മീ.	344.97
LT ലൈൻ	05.06 കി.മീ.	11.657
ട്രാൻസ്ഫോർമർ	78 എണ്ണം	179.87
LT സിംഗിൾ ഫേസ് ത്രീ ഫേസ് കൺവേർഷൻ	156.726 കി.മീ	207.89
നോർമൽ സർവീസ് കണക്ഷൻ	69 എണ്ണം	1.36

കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഉള്ള പൂയപ്പള്ളി, 33 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി ഒരു 5 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു. അടങ്കൽ തുക 7,40,423 രൂപ.

(ബി) കേന്ദ്ര സർക്കാർ സഹായത്തോടെ ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം 28.321 കി.മീ. ലൈൻ നിർമ്മിക്കുകയും 1178 സർവ്വീസ് കണക്ഷനുകൾ നൽകുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly